# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 23** **November 2008** **No.8**

# എഡിറ്റോറിയൽ

ദൈവം മനുഷ്യനെ സൃഷ്ടിച്ച കാലം മുതൽ ദൈവത്തിനെതിരായ ആരോപണങ്ങൾ ഉയർന്നു വരുന്നുണ്ട്. ദൈവ പദ്ധതിയെ പരാജയപ്പെടുത്തുക എന്നതാണ് പിശാചിന്റെ ലക്ഷ്യം. നേരിട്ടു പിശാചിനു ദൈവത്തോടു എതിർക്കുവാൻ സാധ്യമല്ലാത്തതുകൊണ്ട് പരോക്ഷമായി എതിർക്കുകയാണ്. ആദ്യ മനുഷ്യരായിരുന്ന ആദാമിനെയും ഹവ്വയെയും പ്രലോഭിപ്പിച്ചതു പിശാചായിരുന്നു. സ്ത്രീയെയായിരുന്നു പിശാചു ആദ്യം വഞ്ചിച്ചത്. ആ വഞ്ചനയിൽ കുടുങ്ങിയ മനുഷ്യവർഗ്ഗം ശാപത്തിൻ കീഴായി. അതിന്റെ പരിണിതഫലം പിൻതലമുറക്കാർ അനുഭവിക്കുവാൻ തുടങ്ങി. നിയമലംഘനം ചെയ്തു ദൈവത്തിൽ നിന്നകന്നുപോയ മനുഷ്യനെ കരകയറ്റുവാൻ ദൈവം ഒരു പദ്ധതി തയ്യാറാക്കി. അതിനായി ദൈവം വാഗ്ദാനങ്ങൾ ചെയ്യുകയും പുതുക്കി കൊടുത്തുകൊണ്ടു അതു നടപ്പിലാക്കുകയും ചെയ്യുന്ന ചരിത്രം നമുക്കു കാണുവാൻ കഴിയുന്നുണ്ട്. സത്യ വേദ പുസ്തകത്തിൽ അതെല്ലാം വിശദീകരിച്ചിട്ടുണ്ട്. തിരുവചനം സത്യമാകുന്നു. അതു സത്യമാണെന്നു വിശ്വസിച്ചാൽ ആളുകൾ അപ്രകാരം ജീവിക്കും. ദൈവത്തിന്റെ അരുളപ്പാടുകൾ നേരുള്ളവ അതു മനുഷ്യന്റെ പ്രാണനെ തണുപ്പിക്കുന്നതാണ്. വ്യക്തിപരമായ ഉത്തരവാദിത്വം കണക്കു കൊടുക്കേണ്ട എല്ലാവർക്കുമുണ്ട്. അതിൽ നിന്നും അവർക്ക് ഒഴിഞ്ഞു മാറാവുന്നതല്ല.

പക്ഷെ, ദൈവം ആത്മാവാകുന്നു. അവനെ ജഡിക കണ്ണുകൾ

കൊണ്ടു ആർക്കും കാണുവാൻ സാധ്യമല്ല. അതിനു ഹൃദയ ശുദ്ധി ആവശ്യമാണ്. ഹൃദയത്തിൽ സംശയമുള്ളവർക്കു വിശ്വസിപ്പാൻ പ്രയാസം നേരിടും. സംശയം ജനിപ്പിക്കുന്നതു പിശാചാണ്. നിഷ്പ്പക്ഷമായ സമീപനത്തോടെ സംശയം ദൂരീകരിക്കണം. വിശ്വാസത്തിൽ നിന്നുത്ഭവിക്കാത്തതൊക്കെയും പാപമാണ്. പഴയനിയമ കാലത്ത് മോശെയെയും അഹരോനേയും ദൈവം തന്റെ ദൗത്യത്തിനായി തിരഞ്ഞെടുത്തു. അതു യിസ്രായേലിനെ തിരിച്ചു വരുത്തുന്നതിനു വേണ്ടിയായിരുന്നു. ദൈവജനത്തിനു പ്രയാസം നേരിട്ടപ്പോൾ അവരിൽ ചിലർ മോശെക്കും അഹരോനും എതിരെ പിറുപിറുത്തു. അവരെ ദൈവം അതിനു ശിക്ഷിക്കയും ചെയ്യുന്നുണ്ട്. ദൈവത്തിന്റെ മക്കളായി ജീവിക്കുവാൻ ആഗ്രഹിക്കുന്നവർ ദൈവം അയച്ചവരെയും ദൈവത്തിന്റെ അരുളപ്പാടിനെയും കൈക്കൊള്ളും. അതാണ് യഥാർത്ഥമായ ദൈവഭക്തിയും ദൈവഭയവും. യെഹൂദന്മാർ ദൈവം അയച്ച ദാസന്മാരെയും പ്രവാചകന്മാരെയും ഉപദ്രവിക്കയും കൊല്ലുകയും ചെയ്തിട്ടുണ്ട്. അതെല്ലാം പ്രവർത്തിച്ചത് അവരിൽ കടന്നുകൂടിയ പിശാചിന്റെ ആത്മാവാണ്. ദൈവം സ്നേഹമാണ്. ആ സ്നേഹത്തിനു അതിരുകളില്ല. ദൈവനീതിക്കും ദൈവത്തിന്റെ പദ്ധതിക്കും തുടർച്ചയായി വിഘ്നം വരുത്തിക്കൊണ്ടിരുന്നാൽ ദൈവം അതു ക്ഷമിക്കയില്ല. ദൈവകോപം മനുഷ്യരിലേക്കു വരുന്നതു അങ്ങനെയാണ്. എന്നാൽ പഴയതിനു പകരം ദൈവം ഒരു പുതിയ നിയമം കൊടുത്തു.

പഴയ നിയമ കാലം അവസാനിക്കാറായപ്പോൾ ദൈവം തന്റെ പുത്രനിൽ കൂടെ ആവിഷ്ക്കരിച്ച പദ്ധതി നടപ്പാക്കുവാൻ തുടങ്ങി. യേശുവിന്റെ ഉപദേശം തന്നെ ആളുകളെ വിസ്മയിപ്പിക്കുന്നതായിരുന്നു. അവന്റെ ജ്ഞാനം ദൈവികമായിരുന്നു. അന്നത്തെ മതപുരോഹിതന്മാർക്കു അവരുടെ തെറ്റുകൾ ചൂണ്ടി കാണിച്ചപ്പോൾ അവർക്കു യേശുവിനോടു നീരസമുണ്ടായി. സ്വന്തമായവരിലേക്കു വന്ന മനുഷ്യപുത്രനെ സ്വന്തജനം തിരസ്ക്കരിച്ചു. താൻ ആരാണെന്നു അവൻ അത്ഭുത പ്രവൃത്തികൾ ചെയ്തു കാണിച്ചു കൊടുത്തു. രോഗികളെ സൗഖ്യമാക്കി, മരിച്ചവരെ പോലും ഉയിർപ്പിച്ചു. എന്നിട്ടും ആളുകൾ അവനെ കൊല്ലുവാൻ ആലോചന കഴിച്ചു വന്നു. അവസാനം അവനെ ക്രൂശിൽ തറെപ്പിച്ചു കൊന്നു. കള്ളനും കവർച്ച

ക്കാരനുമായവനെ മോചിതനാക്കി. യേശുവിന്റെ രാജ്യത്തേയും അവന്റെ അധികാരത്തേയും തെറ്റിദ്ധരിച്ച ജനമായിരുന്നു അവർ. ആ തെറ്റിദ്ധാരണക്കു പിന്നിൽ പ്രവർത്തിച്ചതും പിശാചായിരുന്നു. എന്നാൽ പിശാചിനെ തോൽപ്പിച്ചു, മരണത്തെ ജയിച്ചു കർത്താവു മൂന്നാം നാൾ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേറ്റു വന്നു. അതു ദൈവപദ്ധതിയുടെ പൂർത്തീകരണം ആയിരുന്നു. പിശാചു ഏതെല്ലാം രീതിയിൽ ദൈവത്തിനെതിരായി പ്രവർത്തിച്ചാലും ദൈവം തന്റെ ഇഛ നിവർത്തിയാക്കും. അവൻ സർവ്വശക്തിയുള്ള പിതാവാണ്.

യേശുക്രിസ്തുവിന്റെ കാലശേഷം പുതിയ നിയമ സഭ ആരംഭിച്ചു. എതിർപ്പും ഉപദ്രവവും തുടർക്കഥയായി. ക്രിസ്ത്യാനികൾ ഉപദ്രവിക്കപ്പെട്ടു. അതും തുടങ്ങിയതിന്റെ പിന്നിൽ സാത്താനായിരുന്നു. സാത്താൻ അടങ്ങിയിരിക്കയില്ല എന്നോർക്കുക. നിരന്തരമായി ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നതായി ചരിത്രം വെളിപ്പെടുത്തുന്നുണ്ട്. അനേകർ രക്തസാക്ഷികളായി തീർന്നിട്ടുണ്ട്. തങ്ങളുടെ ജീവനേക്കാൾ ആത്മാവിനു അവർ വില കല്പിച്ചു. കർത്താവിലുള്ള വിശ്വാസത്തിനും സത്യത്തിനും വേണ്ടി അവർ നിലകൊണ്ടു. കാരണം അവസാനത്തോളം വിശ്വസ്തരായി ജീവിച്ചാലേ നമുക്കു ദൈവത്തിൽ നിന്നു പ്രതിഫലം ലഭിക്കയുള്ളു. പിശാചു പഴയ നിയമ കാലത്ത് ഇയ്യോബിനെ പരീക്ഷിച്ചു. സ്വയം ദൈവത്തിൽ അർപ്പിച്ചു അതിന്റെ അന്ത്യം എന്താകും എന്നോർത്തു അവൻ വിശ്വാസം ത്യജിക്കാതിരുന്നു. ഫലമോ അനേകമടങ്ങു അനുഗ്രഹങ്ങൾ ആയിരുന്നു അവനെ പിൻപറ്റിയത്. ഇന്നു യഥാർത്ഥ ക്രിസ്ത്യാനി ആയി ജീവിക്കുന്നവർക്കെല്ലാം ഉപദ്രവമുണ്ടാകും. സഹിഷ്ണുതയാണ് അതിനെ അതിജീവിക്കുവാൻ വേണ്ടത്. ദൈവത്തിൽ കൂടുതൽ വിശ്വാസം ഉറപ്പിക്കയും അവനിൽ മാത്രം ആശ്രയിച്ചു അനുസരിക്കയും ചെയ്യുക.

ഇത്തരം ഘട്ടങ്ങളിൽ പലരും തളർന്നു പോകും. കഷ്ടത സഹിഷ്ണുതയും സഹിഷ്ണുത സിദ്ധതയെയും ഉളവാക്കുന്നു.

*

## ഹയർ സെക്കൻഡറി സ്കൂളുകളിൽ ജലപരിശോധനാ സൗകര്യത്തിനു നിർദ്ദേശം

സ്കൂൾ ശുചിത്വ മിഷന് രൂപരേഖയായി. പരിപാടികളുടെ നടത്തിപ്പ് ചുമതല പൂർണമായും കുട്ടികൾക്കാണ്. സ്വമേധയാ ഏറ്റെടുത്ത് നടപ്പാക്കുന്ന രീതിയിലാണ് വിഭാവനം. 'സീറോ വേസ്റ്റ് ക്ലാസ് റൂം' ആണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ക്ലാസ് ടീച്ചർ ഉപദേശകയായി. രണ്ട് ആൺകുട്ടികളും രണ്ട് പെൺകുട്ടികളും അംഗങ്ങളാക്കി; ക്ലാസ്തലസമിതി രൂപീകരിക്കണം. ഇതിലൊരാൾ സീറോ വേസ്റ്റ് മാനേജരായി കാര്യങ്ങൾ നടപ്പാക്കണം.

✱

## പാക്കിസ്ഥാനിൽ ഭൂചലനം: 160 മരണം

തെക്കുപടിഞ്ഞാറൻ പാക്കിസ്ഥാനിലെ ബലൂചിസ്ഥാൻ പ്രവിശ്യയിലുണ്ടായ അതിശക്തമായ ഭൂകമ്പത്തിൽ കുറഞ്ഞത് 160 പേർ കൊല്ലപ്പെട്ടു. 300 പേർക്കു പരുക്കേറ്റു. ക്വറ്റ നഗരത്തിന് 58 കിലോമീറ്റർ വടക്കുകിഴക്ക് ടൂറിസ്റ്റുകൾക്കു പ്രിയംകരമായ സിയാരാത് ജില്ലയിലാണ് സംഭവം.

✱

## പോക്കറ്റിൽ കിടന്ന തോക്ക് പൊട്ടി വിദ്യാർത്ഥിക്ക് പരുക്ക്

പാന്റ്സിന്റെ കീശയിൽ സൂക്ഷിച്ച കൈത്തോക്കിൽ നിന്നു വെടിപൊട്ടി മലയാളി വിദ്യാർത്ഥിക്കു പരുക്കേറ്റു. ദേർലകട്ടെ, നിട്ടെയിലെ ഡന്റൽ കോളജിലാണു സംഭവം. ബിരുദാനന്തര വിദ്യാർഥിയായ കോട്ടയം കിടങ്ങൂർ ചേർപ്പുങ്കൽ ചെറുവാമ്പുഴ കിഷോർ ജോർജി (26)നാണു പരുക്കേറ്റത്. വെടിയുണ്ട വയറ്റിലാണു തുളച്ചു കയറിയത്. കിഷോർ ദേർലകട്ടെ കെ.എസ്. ഹെഗ്ഡെ ആശുപത്രിയിൽ ചികിൽസയിലാണ്. കൈ കഴുകുന്നതിനിടെ അബദ്ധത്തിൽ വെടി പൊട്ടുകയായിരുന്നുവെന്നാണു പോലീസിന്റെ വിശദീകരണം. പിസ്റ്റളിന് ലൈസൻസുണ്ട്.

## മസാജ് പാർലറുകളെ നിയന്ത്രിക്കാൻ നിയമം ഒന്നു മുതൽ

സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന മസാജ് പാർലറുകളെയും മറ്റ് ആയുർവേദ ചികിൽസാ കേന്ദ്രങ്ങളെയും നിയന്ത്രിക്കാൻ സർക്കാർ കൊണ്ടുവന്ന നിയമം നവംബർ ഒന്നു മുതൽ പ്രാബല്യത്തിൽ വരും. നിയമം നടപ്പാക്കുന്നതിന് ആവശ്യമായ ചട്ടങ്ങൾ പുറപ്പെടുവിച്ച് ആരോഗ്യ വകുപ്പ് ഉത്തരവിറക്കി.

*

## പദ്ധതികളിൽ പണം ചോരുന്നു

മൂന്നു പതിറ്റാണ്ടോളം കൈത്തറി നെയ്ത്തുശാല നടത്തിവന്ന നരുവാമൂട് ബാലകൃഷ്ണൻ ഇപ്പോൾ നെയ്ത്തുശാല പൂർണമായും അടച്ചു. ലാഭമില്ലെന്നല്ല, കടങ്ങൾ പെരുകിയതാണു കാരണം.

നെയ്ത്തുകാർ ജീവിക്കുന്നതും മരിക്കുന്നതും കടത്തിലാണെന്നു നരുവാമൂട്ടിലെ നെയ്ത്തുകാരിയായ ശൈലജയുടെ സാക്ഷ്യം. നരുവാമൂടു ഭാഗത്ത് 2000 തറികളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ 250 ആയി. നെയ്ത്തിൽ ആളൊഴിയുകയാണ്.

*

## പാഴ്‌വേലയാകരുത് പൈപ്പിടൽ

വീടുപണിയുമ്പോൾ വല്ലാത്ത ഉത്സാഹമായിരിക്കും. മുറ്റത്ത് കൊണ്ടിട്ട മണലിൽ ഇരുന്നു ബെഡ്റൂമിൽ കിടക്കുന്നത് സ്വപ്നം കാണാറില്ലേ...? പക്ഷെ, വീടുപണി തുടങ്ങി കുറച്ചുനാൾ കഴിയുമ്പോൾ ഈ ഉത്സാഹമൊക്കെ കെട്ടടങ്ങും. പിന്നെ ഉന്നമില്ലാത്ത പോക്കാണ്, എന്തുവന്നാലും അനുഭവിക്കാമെന്ന മട്ടിൽ. അവസാന ഘട്ടത്തിലെ വിട്ടുവീഴ്ചയിലാണ് വീടുപണിയിലെ നിരന്തര തലവേദനകളെല്ലാം തലപൊക്കുക.

